(ബി) ചപ്പാരപ്പടവിലെ കാട്ടാമ്പള്ളി കടവിൽ ഇതിലേക്കായി 5 കോടി രൂപ ചെലവിൽ ഓട്ടോറിക്ഷാപാതയോടുകൂടിയ തടയണ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ ; ആയതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) എന്നേക്ക് തടയണയുടെ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തടയണക്കാവശ്യമായ അഞ്ച് കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുവാനും തടയണയുടെ, കൃത്യമായ സ്ഥാനനിർണ്ണയത്തിനായി ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പരിശോധന നടത്തിയുക്തമായ തീരുമാനമെടുക്കുവാനും നിർദ്ദേശിച്ചു.

(ബി) തീരുമാനിച്ചിരുന്നു. പദ്ധതിയുടെ പ്രാഥമിക പര്യവേഷണ നടപടികൾ പുരോഗതിയിലാണ്. ഫണ്ട് അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രാഥമിക പര്യവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയും അനുബന്ധ നടപടികളും പൂർത്തിയായതിനുശേഷമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളൂ.

കാക്കടവിൽ തടയണ നിർമ്മിക്കുന്ന പദ്ധതി

120 (5010) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിമല നാവിക അക്കാഡമിക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി പ്രകാരം കാക്കടവിൽ വർഷാവർഷം താൽക്കാലിക തടയണ നിർമ്മിച്ച് ലക്ഷങ്ങൾ പാഴാക്കുന്ന നടപടി ഒഴിവാക്കി സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഏകദേശം 5 മീറ്റർ ഉയരമുള്ള ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിന് ഏകദേശം 5 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുപുഴയിൽ നിർമ്മിക്കാൻ തീരുമാനിച്ച ട്രാക്ടർ വേയുടെ നിർമ്മാണം

121 (5011) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ ചെറുപുഴയിൽ നിർമ്മിക്കാൻ തീരുമാനിച്ച ട്രാക്ടർ വേയുടെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly